പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1136 **15-10-2026-ൽ മറുപടിയ്ക്ക്**

<u>ഒറ്റപ്പാലം മണ്ഡലത്തിലെ പൊതുമരാമത്ത് (കെട്ടിടങ്ങൾ) വിഭാഗത്തിന്റെ പ്രവൃത്തികൾ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) 2021-22 സാമ്പത്തിക വർഷം മുതൽ 2026-27 സാമ്പത്തിക വർഷം വരെ സംസ്ഥാന ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയിട്ടുള്ളതും ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് (കെട്ടിടങ്ങൾ) വിഭാഗത്തിന് നിർവ്വഹണ ചുമതലയുള്ളതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

<u>മറുപടി:</u> പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൻ കീഴിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷം മുതൽ 2026-27 സാമ്പത്തിക വർഷം വരെ സംസ്ഥാന ബജറ്റിൽ 20% തുക വകയിരിത്തിയിട്ടുള്ള ഭരണാനുമതി ലഭിച്ചിട്ടുള്ളതും ഭരണാനുമതി ലഭിക്കാനുള്ളതുമായ പ്രവൃത്തികളിൽ ഡി.പി.ആർ തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിച്ചതിന്റെ വിവരങ്ങളും; ഡി.പി.ആർ. തയ്യാറാക്കാത്തതുമായി ബന്ധപ്പെട്ട കാരണങ്ങളും അടങ്ങിയ വിശദമായ പട്ടിക അനുബന്ധമായി ചേർക്കുന്നു.

(ബി) അതിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം.

(സി) ഭരണാനുമതി ലഭിക്കാനുള്ള പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം.

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

ക്രമ നം	വർഷം	പ്രവൃത്തിയുടെ പേര്	തുക (ലക്ഷം)	ഭരണാനുമതി ലഭ്യമായ പ്രവൃത്തി	റിമാർക്സ്
1	2021-22	ഒറ്റപ്പാലം കോർട്ട് കോംപ്ലക്സ് നിർമ്മാണ പ്രവൃത്തി	2335.5	ഭരണാനുമതി യുടെ കാലാവധി 02.06.2026 ന അവസാനിച്ചു	ഭരണാനുമതിയുടെ കാലാവധി 02.06.2026 ന അവസാനിച്ചതിനെ തുടർന്ന്ആയത് നിലവിലെ ഡി. എസ് ആർ പ്രകാരമുള്ള അധിക ജി. എസ്. ടി തുക ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതി ലഭ്യമാക്കേണ്ടതുണ്ട്. ക്ലയിന്റ് അപ്രൂവ് ചെയ്ത ആർക്കിടെക്ചറൽ ഡ്രോയിംഗ് ലഭ്യമായിട്ടുണ്ട് . പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള ഡി പി ആർ തയ്യാറാക്കി വരുന്നു.
2	2023-24	എലുമ്പുലാശ്ശേരി ഐടിഐ കെട്ടിട നിർമ്മാണ പ്രവൃത്തി പാർട്ട്-2	100	13.02.2026 ൽ പ്രവൃത്തി പൂർത്തീകരിച്ചു	
3	2024-25	ഒറ്റപ്പാലം താലൂക്ക് ആശുപത്രി പേ വാർഡ് കെട്ടിട നിർമ്മാണ പ്രവൃത്തി	200		ആർക്കിടെക്ചറൽ ഡ്രോയിംഗ് അംഗീകരിക്കുന്നതിന് ആയി ക്ലയിന്റ് ഡിപ്പാർട്ട്മെന്റിന് കത്ത് നൽകിയിട്ടുണ്ട് .ആയത് ലഭിക്കുന്ന മുറക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്.
4	2025-26	പുലാപെറ്റ ഉമ്മനഴി ആയുർവേദ ആശുപത്രിക്ക് പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തി	100		ക്ലയിന്റ് ആവശ്യപ്പെട്ട ആവശ്യതകൾ എല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് നിലവിൽ ഉള്ള ഒന്നാം നില കെട്ടിടത്തിന് മുകളിൽ പണിയുന്നതിന് പരിമിതികൾ ഉണ്ട്.ആയതിനാൽ ഒന്നാം നിലയുടെ മുകളിൽ രണ്ടു നിലകളിലായി പണിയുന്നതിനോ അങ്ങനെ പണിയണമെങ്കിൽ ഒന്നാം നില പണികഴിപ്പിച്ച ഡിപ്പാർട്ട്മെന്റിൽ നിന്നും സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും അല്ലാത്ത പക്ഷം പര്യാപ്തമായ മറ്റൊരു സ്ഥലം നിർദ്ദേശിക്കുന്നതിനോ അറിയിക്കണമെന്ന് 09/10/2026 തിയ്യതിയിൽ AEBL-SNOSRR/160/2025-26 നമ്പർ പ്രകാരം മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്.
5		മുന്നൂർക്കോട് ഗവ. എച്ച് എസ്. എസ് ന പുതിയ ഹയർസെക്കന്ററി ബ്ലോക്ക് നിർമ്മാണ പ്രവൃത്തി	100		ഈ പ്രവൃത്തി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുണ്ട് . ആയതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായി.
6		ലക്കിടി പേരൂർ FHC പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തി	100		ആർക്കിടെക്ചറൽ ഡ്രോയിംഗ് അംഗീകരിക്കുന്നതിന് ആയി 05/10/2026 തീയതിയിൽ AEEBL/SD/SRR/266/2025/D2-PWD നമ്പർ പ്രകാരം മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട് . ആയത് ലഭ്യമാകുന്ന മുറക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്
7	2026-27	അമ്പലപ്പാറ കല്യാണമണ്ഡപം പുതുക്കി പണിയുന്നത്	150		സ്ഥല ലഭ്യതയും ആവശ്യകതകളും ലഭ്യമാക്കണമെന്ന് അറിയിച്ചുകൊണ്ട് 08/09/2026 തീയതിയിൽ SBS/D1/Budget/2026-27 നമ്പർ പ്രകാരം

					പഞ്ചായത്ത്സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്.ആയത് ലഭ്യമാകുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് .
8		ശ്രീകൃഷ്ണപുരം FHC പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തി	150		സ്ഥല ലഭ്യതയും ആവശ്യകതകളും ലഭ്യമാക്കണമെന്ന് അറിയിച്ചുകൊണ്ട് 09/09/2026 തീയതിയിൽ SBS/D1/Budget/2026-27 നമ്പർ പ്രകാരം മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് .
9		പൂക്കോട്ടുകാവ് ഗ്രാമ പഞ്ചായത്ത് കൾച്ചറൽ സെൻറർ	150		സ്ഥല ലഭ്യതയും ആവശ്യകതകളും ലഭ്യമാക്കണമെന്ന് അറിയിച്ചുകൊണ്ട്09/09/2026 തീയതിയിൽ 09/09/2026 തിയ്യതി യിൽ SBS/D1/Budget/2026-27 നമ്പർ പ്രകാരം മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്.ആയത് ലഭ്യമാകുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് .
10		കടമ്പഴിപ്പുറം CHC പുതിയ കെട്ടിട നിർമ്മാണ പ്രവർത്തി	100		സ്ഥല ലഭ്യതയും ആവശ്യകതകളും ലഭ്യമാക്കണമെന്ന് അറിയിച്ചുകൊണ്ട് 09/09/2026 തീയതിയിൽ SBS/D1/Budget/2026-27 നമ്പർ പ്രകാരം മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്.ആയത് ലഭ്യമാകുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് .
11		ഒറ്റപ്പാലം മുനിസിപാലിറ്റി വരോട് PHC കെട്ടിട നിർമ്മാണ പ്രവൃത്തി	50		സ്ഥല ലഭ്യതയും ആവശ്യകതകളും ലഭ്യമാക്കണമെന്ന് അറിയിച്ചുകൊണ്ട് 09/09/2026 തീയതിയിൽ SBS/D1/Budget/2026-27 നമ്പർ പ്രകാരം മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്.ആയത് ലഭ്യമാകുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് .